# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 906** — **28.04.2017-ന് മറുപടിയ്ക്ക്**

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി നടപ്പാക്കൽ</u>

| <u>ചോദ്യം</u><br>ശ്രീ.സി.കെ. ഹരീന്ദ്രൻ | <u>മറുപടി</u><br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഓരോന്നിനും എത്ര രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളതെന്നും, പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ സ്കൂളുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ മാരായമുട്ടം ജി.എച്ച്.എസ്.എസ്. മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാവശ്യമായ ഡി.പി.ആർ. ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ കൃത്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ പദ്ധതിയുടെ ഭാഗമായി ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും ഇതര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും വിവിധ സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറായിട്ടില്ല. സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിയുടെ പ്രയോജനം പാറശാല മണ്ഡലത്തിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ